കേരളം സർക്കാർ

പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്

തമ്പാനൂർ, തിരുവനന്തപുരം-695001

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

വിജ്ഞാപനം

കീം -2026

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം-2026 മൂന്നാംഘട്ട താത്ക്കാലിക അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

കേരളത്തിലെ സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെയും 2026 ലെ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള മൂന്നാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 28.09.2026 **മുതൽ 07.10.2026, 10:00 AM വരെ** വിദ്യാർത്ഥികൾ നൽകിയ ഓൺലൈൻ ഓപ്ഷൻ റജിസ്ട്രേഷൻറെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് **'KEAM 2026-Candidate Portal'**ലെ **'Allotment List'** എന്ന മെനു ക്ലിക്ക് ചെയ്ത് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽപ്രവേശന പരീക്ഷാ കമ്മീഷണറുടെ ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖാന്തിരം 09.10.2026 **ഉച്ചക്ക്** 12:00 **മണിക്കുള്ളിൽ** അറിയിക്കേണ്ടതാണ്. സാധുവായ പരാതികൾ പരിഹരിച്ചശേഷമുള്ള അന്തിമ അലോട്ട്മെന്റ് പിന്നീട് പ്രസീദിക്കരിക്കുന്നതാണ് .

പ്രത്യേക ശ്രദ്ധയ്ക്ക്

താത്കാലിക അലോട്ട്മെന്റ് സൂചന മാത്രമായതിനാൽ, MCC നൽകുന്ന അയോഗ്യരായ വിദ്യാർത്ഥികളുടെ പട്ടിക, ലഭിക്കുന്ന സാധുവായ പരാതികൾ എന്നിവയെ അടിസ്ഥാനമാക്കി ഫലത്തിൽ മാറ്റങ്ങൾ വരാവുന്നതാണ്. താത്കാലിക അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന

സീറ്റുകളിൽ വിദ്യാർത്ഥികൾക്ക് യാതൊരു അവകാശവുമില്ലെന്നും, ഈ താത്കാലിക ഫലം നിയമപരമായി ചോദ്യം ചെയ്യാനാകില്ലെന്നും അറിയിക്കുന്നു. അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച ശേഷം മാത്രമേ വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളെ സമീപിക്കാവൂ എന്ന് പ്രത്യേകം അറിയിക്കുന്നു.

ഹെൽപ് ലൈൻ നമ്പർ : 04712332120, 2338487

Digitally signed by
Sameer Kishan
Date: 08-10-2026
16:09:46

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
08-10-2026